പത്രക്കുറിപ്പ്
7-7-2018

### കൊച്ചി മെട്രോയിലെ പ്രവർത്തന മികവ്:

# കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന് കെ.എം.എ എക്സലൻസ് അവാർഡ്

തിരുവനന്തപുരം: കൊച്ചി മെട്രോയിൽ നൂതനവും ക്രിയാത്മകവുമായ രീതിയിൽ മാനവവിഭവശേഷിയെ ഉപയോഗിച്ചതിലൂടെ അറുനൂറിലേറെ സ്ത്രീകൾക്ക് തൊഴിൽ നൽകുകയും അതു വഴി ലോകത്തിലെ തന്നെ ആദ്യത്തെ വനിതാ മെട്രോ എന്ന ഖ്യാതി നേടുകയും ചെയ്ത കുടുംബശ്രീയുടെ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന് കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) നൽകുന്ന 2018 ലെ 'ഇന്നവേറ്റീവ് എച്ച്.ആർ. ഇനിഷ്യേറ്റീവ്' വിഭാഗത്തിലെ എക്സലൻസ് അവാർഡ് ലഭിച്ചു. കൊച്ചി ലേ മെറീഡിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ കെ.എം.എ സംസ്ഥാന പ്രസിഡന്റ് വിവേക് ഗോവിന്ദിൽ നിന്നും കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ പ്രോജക്ട് മാനേജർ ദിൽരാജ് കെ.ആർ അവാർഡ് സ്വീകരിച്ചു. ശിൽപവും പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്.

കൊച്ചി മെട്രോയോടനുബന്ധിച്ചുള്ള പതിനാറു സ്റ്റേഷനുകളിൽ ഓഫീസ് നിർവഹണം മുതൽ പാർക്കിങ്ങ് വരെയുള്ള ജോലികൾ ചെയ്യുന്നത് കുടുംബശ്രീ വനിതകളാണ്. ഇതോടൊപ്പം തന്നെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ട പതിമൂന്നു പേർക്കും കൊച്ചി മെട്രോയിൽ ജോലി നൽകിയിരുന്നു. ഇപ്രകാരം പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമൂഹിക അംഗീകാരം നേടിക്കൊടുക്കുന്നതിൽ മാതൃകയായതിനും ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർ ജോലി ചെയ്യുന്ന ലോകത്തിലെ ആദ്യത്തെ മെട്രോ എന്നതും കൂടി പരിഗണിച്ചാണ് അവാർഡ്. ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിംഗ്, കസ്റ്റമർ കെയർ സർവീസ്, ഹെൽപ് ഡെസ്ക്, കസ്റ്റമർ ഫെസിലിറ്റേഷൻ സർവീസ്, പൂന്തോട്ടം-പച്ചക്കറി തോട്ട നിർമാണം, കിച്ചൺ, കാന്റീൻ, പാർക്കിങ്ങ് എന്നീ വിഭാഗങ്ങളിൽ പുലർത്തുന്ന അന്താരാഷ്ട്ര നിലവാരമുള്ള മികവും പരാതിരഹിതമായ സേവനസന്നദ്ധതയും അവാർഡ് ലഭിക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ചു.

2017 ജൂണിലാണ് കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ചത്. ആലുവ, പുളിഞ്ചുവട്, കമ്പനിപ്പടി, അമ്പാട്ടുകാവ്, മുട്ടം, കളമശേരി, കുസാറ്റ്, പത്തടിപ്പാലം, ഇടപ്പള്ളി, ചങ്ങമ്പുഴ, പാലാരിവട്ടം, ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ, ലിസി, മഹാരാജാസ് വരെയുള്ള പതിനാറു മെട്രോ സ്റ്റേഷനുകളിലെ വിവിധ വിഭാഗങ്ങളിൽ ഇപ്പോൾ അറുനൂറ്റി ഏഴ് കുടുംബശ്രീ വനിതകൾ ജോലി ചെയ്യുന്നുണ്ട്. കുടുംബശ്രീ രൂപീകരിച്ച ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ വഴി ഏറ്റവും യോഗ്യരായ കുടുംബശ്രീ കുടുംബാംഗങ്ങളെ തിരഞ്ഞെടുത്ത് മികച്ച പരിശീലനം നൽകിയാണ് കൊച്ചി മെട്രോയിൽ ജോലിക്കു നിയോഗിച്ചത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ